**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 319** **15-07-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിൽ ലഹരി ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (എ) | ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും, ബോധവത്കരണ പ്രവർത്തനങ്ങളും ശക്തമാക്കിയതിന്റെ ഫലമായി ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | മദ്യവും മയക്കുമരുന്നും നൽകി ആദിവാസി വിഭാഗങ്ങളെ ചൂഷണം ചെയ്യുന്നതായി എക്സൈസ് വകുപ്പിന് പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ബി) | പരാതികൾ ലഭിച്ചിട്ടില്ല. |
| (സി) | മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിൽ നിന്ന് അവരെ പിന്തിരിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ആദിവാസി വിഭാഗങ്ങളെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഗോത്രമേഖലയിലെ ആളുകളിൽ ആരോഗ്യപരിപാലനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും, ലഹരി ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനുമായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും, കരിയർ മാർഗ്ഗനിർദ്ദേശ കേന്ദ്രങ്ങൾ, പരമ്പരാഗത തൊഴിലുകൾ പ്രോത്സാഹിപ്പിക്കൽ, സ്പോർട്സ് ടീമുകൾ രൂപീകരിക്കൽ, കായിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ സേവനം ഉപയോഗിച്ചുകൊണ്ട് ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി കൗൺസിലിംഗും, ചികിത്സയും നൽകി വരുന്നു. അട്ടപ്പാടിയിലെ ഗോത്രകലാകാരന്മാരെ |

| | | | |
|---|---|---|---|
| | | | അണിനിരത്തി ലഹരിക്കെതിരെ ഗോത്രനാടകം തയ്യാറാക്കി ഊരുകളിൽ അവതരിപ്പിച്ചു വരുന്നതോടൊപ്പം 'ലഹരിക്കെതിരെ കായിക ലഹരി' എന്ന മുദ്രാവാക്യത്തോടെ ഫുട്ബോൾ ടീമുകൾ രൂപീകരിക്കുകയും ആദിവാസി സെറ്റിൽമെന്റുകളിലെ ചെറുപ്പക്കാരെ വിവിധ ജോലികൾക്ക് പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം നൽകി വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ